**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - പ്രവർത്തനക്ഷമമായ പൊതുമേഖലാ സ്ഥാപനത്തിന്റെ പുനരുജ്ജീവനവും ഊർജ്ജസ്വലനവും - ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡിന്റെ ആധുനികവത്ക്കരണവും വിപുലീകരണവും - 150 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.847/2023/ID തീയതി,തിരുവനന്തപുരം, 22-08-2023

---

പരാമർശം:-

1. 26.06.2019 ലെ സ.ഉ.(സാധാ)591/2019/വ്യവ നമ്പർ സർക്കാർ ഉത്തരവ്
2. 08.06.2020ലെ സ.ഉ(സാധാ)നം.389/2020/വ്യവ നമ്പർ സർക്കാർ ഉത്തരവ്
3. 07.06.2021 സ.ഉ(സാധാ)നം.542/2021/വ്യവ നമ്പർ സർക്കാർ ഉത്തരവ്
4. 03.11.2021ലെ സ.ഉ(സാധാ)നം.1210/2021/വ്യവ നമ്പർ സർക്കാർ ഉത്തരവ്
5. റിയാബ് സെക്രട്ടറിയുടെ 26.07.2023ലെ RIAB-Textiles/I-0/2023/D-357 നമ്പർ കത്ത്
6. 10.08.2023 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന്റെ തീരുമാനം
7. 31.03.2024 വരെ കാലാവധിയുള്ള ഇ-അനുമതി നമ്പർ .എ.എസ്/ഐ.എൻ.ഡി/23/29841

**<u>ഉത്തരവ്</u>**

2023-24 സാമ്പത്തിക വർഷം 6860-01-190-99 എന്ന ശീർഷകത്തിൽ ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിന് നവീകരണത്തിനും വിപുലീകരണത്തിനുമായി 150 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിനായി 750 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകണമെന്ന് പരാമർ ശം (1) പ്രകാരം റിയാബ് സെക്രട്ടറി ആവശ്യപ്പെട്ടുകയുണ്ടായി. ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിന്റെ മൂന്നാംഘട്ട വിപുലീകരണത്തിനായി 2019-2020 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി വകയിരുത്തിയ 600 ലക്ഷം രൂപയ്ക്ക് പരാമർശം(1) പ്രകാരം ഭരണാനുമതി നൽകിയെന്നും എന്നാൽ പ്രസ്തുത സാമ്പത്തിക വർഷം തുക ഒന്നും അനുവദിച്ച് നൽകിയിരുന്നില്ലെന്നും തുടർന്ന് 2020-2021 സാമ്പത്തിക വർഷത്തിൽ പരാമർശം( 2 ) പ്രകാരം 3 0 0 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി പുതുക്കി നൽകുകയുണ്ടായെന്നും അതുപ്രകാരം 250 ലക്ഷം റിലീസ് ചെയ്യുകയും പ്രസ്തുത തുകയ്ക്ക് സ്പിന്നിംഗ് മെഷീൻ ഇറക്കുമതി ചെയ്യുകയുണ്ടായെന്നും റിയാബ് സെക്രട്ടറി അറിയിച്ചിരിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ പ്രോജക്ടിന്റെ തുടർ പ്രപ്പോസലിൻമേൽ 300 ലക്ഷം രൂപയ്ക്ക പുനർ മൂല്യനിർണയം നടത്തി പരാമർശം(3) പ്രകാരം ഭരണാനുമതി നൽകുകയുമുണ്ടായി. പരാമർശം(4) പ്രകാരം പ്രകാരം 250 ലക്ഷം രൂപയ്ക്ക് റിലീസ് ഉത്തരവ് നൽകുകയും പ്രസ്തുത തുക 25.03.2022ൽ

ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റാകുകയും ചെയ്തു. എന്നാൽ 24.44 ലക്ഷം രൂപ മാത്രമേ 2022 മാർച്ച് 31നകം വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളൂ. മെഷീനുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടതിനാലും ബാക്കി തുകയായ 215.58 ലക്ഷം രൂപ സർക്കാർ തിരിച്ചെടുത്തതിനാൽ പ്രിപ്പറേറ്ററി മെഷീൻ വാങ്ങാൻ സാധിക്കാതെ വന്ന സാഹചര്യത്തിലും ബാക്കി 1 0 ലക്ഷം രൂപയോളം ഇതുവരെയും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. സർക്കാർ തിരിച്ചെടുത്ത തുകയായ 215.58 ലക്ഷം രൂപ 2022-23 വർഷത്തിൽ റിലീസ് ചെയ്തിരുന്നുവെങ്കിലും 98.94 ലക്ഷം രൂപ മാത്രമാണ് സ്ഥാപനത്തിൽ ലഭ്യമായതെന്ന് റിയാബ് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2 ) നിലവിൽ പ്രസ്തുത പ്രോജക്റ്റിന് ആകെ ലഭ്യമായിട്ടുള്ളത് 383.36 ലക്ഷം രൂപ മാത്രമാണ്. കാലതാമസവും അധികചെലവും കാരണം പദ്ധതി ചെലവ് 600 ലക്ഷം രൂപയിൽ നിന്നും 750 ലക്ഷം രൂപയായി ഉയർന്നിട്ടുണ്ട്. തത്ഫലമായി പദ്ധതി പൂർത്തീകരിക്കുന്നതിന് 366.64 ലക്ഷം രൂപ കൂടി ആവശ്യമാണ്. ചെലവ് വർദ്ധനയുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| മെഷീനറി | DPR പ്രകാരമുള്ള വില / ചെലവ് (ലക്ഷത്തിൽ) | വർദ്ധിച്ച വില / ചെലവ് (നിലവിലെ വില) (ലക്ഷത്തിൽ) | വ്യത്യാസം (ലക്ഷത്തിൽ) |
|---|---|---|---|
| ഓപ്പൺ എൻഡ് സ്പിന്നിംഗ് മെഷീൻ | 200 | 235 | 35 |
| ഡ്രോ ഫ്രെയിംഗ് | 35 | 50 | 15 |
| കാർഡിംഗ് | 120 | 168 | 48 |
| ബ്ലോ റൂം | 90 | 105 | 15 |
| AWES/ഹ്യുമിഡിഫിക്കേഷൻ | 15 | 51 | 36 |
| ബെയിലിംഗ് പ്രസ്സ് | 4 | 5 | 1 |
| ആകെ | | | 150 |

ചെലവ് വർദ്ധനയുടെ കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| അസൽ ഭരണാനുമതി തുക | 600 ലക്ഷം രൂപ |
| 31.03.2023വരെ റിലീസ് ചെയ്ത തുക | 383.36 ലക്ഷം രൂപ |
| കാലതാമസവും അധികചെലവും മൂലമുള്ള പദ്ധതി ചെലവ് വർദ്ധന | 150 ലക്ഷം രൂപ |
| പുതുക്കിയ പദ്ധതി ചെലവ് | 750 ലക്ഷം രൂപ |

| | |
|---|---|
| | |
| പദ്ധതി പൂർത്തീകരണത്തിന് ഇനി ആവശ്യമായി വരുന്ന തുക | 366.64 ലക്ഷം രൂപ |

3) 2023-24 സാമ്പത്തിക വർഷം 6860-01-190-99 എന്ന ശീർഷകത്തിൽ ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിന് നവീകരണത്തിനും വിപുലീകരണത്തിനുമായി 150 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിനായി 750 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകണമെന്ന് റിയാബ് സെക്രട്ടറി ആവശ്യപ്പെട്ടു പദ്ധതി ആരംഭവും നിർവ്വഹണവും അസ്സൽ ഡീറ്റേയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള പ്രകാരമാണ്.

4) 2023-24 സാമ്പത്തിക വർഷം 6860-01-190-99 എന്ന ശീർഷകത്തിൽ ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിന് 150 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

5) 10.08.2023ൽ നടന്ന നാലാമത് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പരാമർശം( 6 ) ലെ പ്രപ്പോസൽ പരിഗണിക്കുകയും 2023-24 സാമ്പത്തിക വർഷം 6860-01-190-99 എന്ന ശീർഷകത്തിൽ ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിന് നവീകരണത്തിനും വിപുലീകരണത്തിനുമായി 150 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

6) വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2023-24 സാമ്പത്തിക വർഷം 6860-01-190-99 എന്നശീർഷകത്തിൽ ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിന് നവീകരണത്തിനും വിപുലീകരണപദ്ധതിക്കുമായി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

വ്യവസായ വാണിജ്യഡയറക്ടർ, തിരുവനന്തപുരം
കൈത്തറി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി,റിയാബ്,തിരുവനന്തപുരം
മാനേജിങ്ങ് ഡയറക്ടർ,ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
വ്യവാസയ (ജെ ) വകുപ്പ്
വിവര-പൊതുജനസമ്പർക്കവകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി) സ്റ്റോക്ക്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്, തിരുവനന്തപുരം.